## ഒ.ബി.സി പ്രീമെട്രിക് സ്കോളര്‍ഷിപ്പിന് അപേക്ഷിക്കാം

ഒ.ബി.സി വിഭാഗം പ്രീമെട്രിക് വിദ്യാര്‍ത്ഥികള്‍ക്കുള്ള സ്കോളര്‍ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. രക്ഷിതാക്കളുടെ വാര്‍ഷിക വരുമാനം 44,500 രൂപയില്‍ അധികരിക്കാത്തതും സംസ്ഥാനത്തെ സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകളില്‍ ഒന്നുമുതല്‍ 10 വരെ ക്ളാസ്സുകളില്‍ പഠിക്കുന്നവരുമായ ഒ.ബി.സി. വിഭാഗം വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പിന് അപേക്ഷിക്കാം. പട്ടികജാതി വികസനവകുപ്പില്‍ നിന്ന് ലംപ്സംഗ്രാന്റിന് അര്‍ഹരായതിനാല്‍ ഒ.ഇ.സി. വിഭാഗവും, ന്യൂനപക്ഷ സ്കോളര്‍ഷിപ്പിന് പരിഗണിക്കുന്നതിനാല്‍ ന്യൂനപക്ഷ വിഭാഗങ്ങളും ഈ സ്കോളര്‍ഷിപ്പിന് അപേക്ഷിക്കാന്‍ അര്‍ഹരല്ല. അപേക്ഷാഫോറത്തിന്റെ മാതൃകയും നിര്‍ദ്ദേശങ്ങളും എല്ലാ സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകളിലും,www.scholarship.itschool.gov.in, www.education.kerala.gov.in, www.ksbcdc.comവെബ്സൈറ്റുകളിലും ലഭിക്കും. അപേക്ഷകള്‍ 2013 ജനുവരി15 ന് മുന്‍പ് സ്കൂള്‍ പ്രധാനാധ്യാപകനെ ഏല്‍പ്പിക്കണം. കൂടുതല്‍ വിവരങ്ങള്‍ക്ക് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റില്‍ ബന്ധപ്പെടാം. ഫോണ്‍ : 0471 2727379, ഇ-മെയില്‍ :obcdirectorate@gmail.com പി.എന്‍.എക്സ്.8462/12